No. 46170/A2/15/Home

പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 189 08.06.2015 ലെ മറുപടിക്ക്

ശ്രീ. എ. സുനിൽ രാജിന്റെ പ്രമോഷൻ

| ചോദ്യം<br><br>**ശ്രീ.എ.റ്റി. ജോർജ്** | മറുപടി<br><br>**രമേശ് ചെന്നിത്തല**<br><br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| എ) ആലപ്പുഴ എച്ച് എച്ച്. ഡബ്ല്യു-1, സി. ബി. സി. ഐ ഡി, എസ്. ഐ. ശ്രീ. എ. സുനിൽ രാജിനെ ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്ത-ണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ; | ഉണ്ട് |
| ബി) പ്രസ്തുത അപേക്ഷ കൈകാര്യം ചെയ്യുന്ന ഫയലിൽ (നം.897225/എ3/14/ആഭ്യന്തരം) തീരുമാനം എടുത്തിട്ടുണ്ടോ; | ബി) യും സി) യും<br><br>16.10.2014ലെ 87225/എ3/14/ആഭ്യന്തരം നമ്പർ പ്രകാരം ശ്രീ. സുനിൽ രാജ് എസ്.ഐ. യുടെ അപേക്ഷ സർക്കാരിൽ ലഭിച്ചിരുന്നു. എന്നാൽ അതേ അവസരത്തിൽ എസ്.ഐ. സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തി തനിക്ക് സ്ഥാനക്കയറ്റം നൽകണമെന്ന് ആവശ്യപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീ.സുനിൽരാജ് 251/2014 നമ്പർ പ്രകാരം ഹർജി ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ട്രൈബ്യൂണൽ 03.06.2014-ന്റെ വിധിന്യായത്തിൽ ശ്രീ.സുനിൽരാജിന്റെ മേൽ പരാമർശിച്ച അപേക്ഷ റിവ്യൂ ഡിപ്പാർട്ട്മെന്റൽ പ്രോമോഷൻ കമ്മിറ്റി |
| സി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ, ശ്രീ. എ. സുനിൽ രാജിനെ പ്രമോട്ട് ചെയ്യണമെന്ന അനുകൂലമായ വിധി ഉണ്ടായിട്ടു-ള്ളതിനാലും വിജിലൻസ് കേസ്സിൽ വിചാരണ ഇതുവരെ ആരംഭിക്കാ-ത്തതിനാലും മറ്റു ശിക്ഷണ നടപടികൾ ഒന്നും ശ്രീ. എ. സുനിൽ രാജിന് എതിരെ നിലവിൽ | |

| | |
|---|---|
| ഇല്ലാത്തതിനാലും അദ്ദേഹത്തെ ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി പ്രമോഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ ? | (ലോവർ) മുമ്പാകെ ഉത്തരവിന്റെ പകർപ്പ് കിട്ടി രണ്ട് മാസത്തിനുള്ളിൽ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ഉത്തരവിട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ അപേക്ഷ 17.09.2014-ൽ കൂടിയ അഡ്ഹോക്ക് ഡി.പി.സി (ലോവർ) പരിശോധിക്കുകയുണ്ടായി. അദ്ദേഹത്തിനെതിരെയുള്ള വിജിലൻസ് കേസ് (VC.04/2008/ALP) ബഹു. എൻക്വയറി കമ്മീഷൻ & സ്പെഷ്യൽ ജഡ്ജ്, കോട്ടയം കോടതിയിൽ വിചാരണയിൽ ഇരിക്കുന്നതിനാൽ അതിൻമേൽ അന്തിമ വിധി വരുംവരെ കാത്തിരിക്കുവാൻ ഡി.പി.സി തീരുമാനിക്കുകയും അതനുസരിച്ച് അദ്ദേഹത്തിന്റെ അപേക്ഷ നിരസിച്ച് ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ